## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. **3962**

**20.07.2015-ൽ**
മറുപടിക്ക്

## മുദ്രവില

**ചോദ്യം**

ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ. വർക്കല കഹാർ
ശ്രീ. ടി.എൻ. പ്രതാപൻ
ശ്രീ. അൻവർ സാദത്ത്

(എ) സംസ്ഥാനത്ത് കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്കുള്ള മുദ്രവില കുറയ്ക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) (ബി) & (സി) 2011-ലെ ഫിനാൻസ് ആക്ടിലൂടെ കുടുബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി, മൂല്യത്തിന്റെ 1% എന്നതിനു വിധേയമായി പരാമാവധി 1000/- രൂപയും, ദാനം, ധനനിശ്ചയം എന്നിവയ്ക്ക് മൂല്യത്തിന്റെ 2% എന്നതിനു വിധേയമായി പരമാവധി 1000/- രൂപയും ആയി നിജപ്പെടുത്തിയിരുന്നു. എന്നാൽ 08.10.2014-ൽ 20478/Leg.A2/2014/Law നമ്പർ ആയി വിജ്ഞാപനം ചെയ്ത The Kerala Taxation Laws (Amendment) Ordinance, 2014 പ്രകാരം 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിൽ വരുത്തിയ ഭേദഗതിയിലൂടെ കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്കുള്ള മുദ്രവിലയുടെ പരിധി 1000/- രൂപ എന്നത് പിൻവലിച്ചിരുന്നുവെങ്കിലും, 01.01.2015-ലെ 20478/Leg.A2/2014/Law നമ്പർ ആയി വിജ്ഞാപനം ചെയ്ത The Kerala Taxation Laws (Amendment) Act, 2014 പ്രകാരം കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്കുള്ള മുദ്രവിലയുടെ പരിധി

1000/- രൂപ എന്നത് പുന:സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്ക് മുദ്രവിലയുടെപരമാവധി പരിധി 1000/- രൂപ ആണ് എന്നതിനാൽ ഈ നിരക്ക് ഇനിയും കുറയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതിക്ക് ഒന്നും രൂപം നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ